
Official Monthly Bulletin April 2016

# MARIAN



**St. Mary's Indian Orthodox Cathedral**
P.O.Box 834, Manama, Kingdom of Bahrain Tel: 17252980 Fax: 17276092
E-mail: info@stmarybahrain.com Website: www.stmarybahrain.com



# Five White Sins

പാപത്തിന്റെ ശമ്പളം മരണമത്രേ– ആ കനി തിന്നുന്ന നാളിൽ നീ മരിക്കും.

നമ്മൾ കഴിക്കുന്ന ഭക്ഷണം നമ്മെ രോഗത്തിലേക്കും, രോഗത്തിനു കഴിക്കുന്ന 'വിഷ'മരുന്നുകൾ നമ്മൾക്ക് മരണത്തിലേക്കുമുള്ള യാത്ര എളുപ്പമാക്കുന്നു. മാരകരോഗങ്ങൾ വരുത്തുന്ന വസ്തുക്കൾ ചേർത്ത് ഭക്ഷണസാധനങ്ങൾ ഉണ്ടാക്കി സഹോദരങ്ങളെ കൊല്ലുന്നതിൽ വ്യാജന്മാർ വിജയിക്കുന്നു. അധികാരികൾ അവർക്ക് വേണ്ട സൗകര്യം ഒരുക്കിക്കൊടുക്കുന്നു. ബോംബിൽ മരിക്കുന്നവർ പെട്ടെന്നാണെങ്കിൽ ഈ വ്യാജവസ്തുക്കളെ കഴിക്കുന്നവർ ഇഞ്ചിഞ്ചായി മരിക്കുന്നത് മാരകരോഗങ്ങൾ പിടിപെട്ടുമാണ്. ഇതിലെ പ്രധാന അഞ്ചു കാര്യങ്ങളാണ് 'White Sins' എന്നറിയപ്പെടുന്നത്. വെള്ള നിറത്തോടുള്ള നമ്മുടെ താൽപര്യം മരണത്തിലേക്കു നമ്മെ അറിയാതെ അടുപ്പിക്കുന്നു.

1) Salt (ഉപ്പ്): ശരീരത്തിന് സോഡിയം ആവശ്യമാണ്. കുറഞ്ഞാൽ രോഗിയാവും. ഇന്ന് കഴിക്കുന്ന ഉപ്പ് രുചി തരും ഒപ്പം രോഗവും. പണ്ട് ഉപയോഗിച്ചിരുന്ന ഇന്തുപ്പ് നല്ലൊരു മരുന്നും രുചിയും പ്രധാനം ചെയ്യുന്നു.

2) Sugar (പഞ്ചസാര): ഒരു കാലത്ത് ധനവാന്മാരുടെ ഉപഭോഗവസ്തുവായിരുന്നു ഇത്. എല്ലാവർക്കും പഞ്ചസാര ലഭിക്കില്ലായിരുന്നു. എന്നാൽ അതിന്റെ നിറം ചക്കരയെ പിന്തള്ളി. സ്വന്തം പറമ്പിലെ കാപ്പിമരത്തിൽ നിന്നും കാപ്പിക്കുരു പറിച്ച് ഉണക്കി പൊടിച്ച് ചുക്കും ചേർത്തുള്ള കാപ്പി എത്ര രോഗവിമുക്തമായിരുന്നു. എന്നാൽ പഞ്ചസ്സാര ചായയിലൂടെയും, മധുരപലഹാരങ്ങളിലൂടെയും നമ്മെ കിടത്തി. പഞ്ചസാര വെളുപ്പിക്കാൻ എല്ലുപൊടി ഉപയോഗിച്ചാലും സാരമില്ല അത് അമൃതായി കരുതുന്നവരാണ് നമ്മൾ. എത്ര തരം രോഗം നമ്മൾക്ക് സൗജന്യമായി പഞ്ചസാര തരുന്നു.

3) Milk (പാൽ): വിവരമില്ലാത്ത സാർ പാഠപുസ്തകത്തിലെഴുതി– പാൽ ഒരു സമീകൃത ആഹാരമാണ്. അമേരിക്കയിലെ പ്രശസ്ത ക്യാൻസർ ഇൻസ്റ്റിട്യൂട്ടായ ജെ.ബി. ആൻേറഴ്സന്റെ പഠനത്തിന്റെ വെളിച്ചത്തിൽ പാൽ കാൻസറുണ്ടാക്കുന്ന ഭക്ഷണമാണ്. പശു നമ്മൾക്ക് പാൽ തരുന്നു. നാം പശുവിനെ കെട്ടിയിട്ട് കൊള്ളക്കാരനെപ്പോലെ മുഴുവൻ ഊറ്റിയെടുക്കുന്നു. അതിന്റെ കുട്ടിയുടെ അവകാശം കൊള്ളയടിക്കുന്നു. മാതാവിന്റെ പാൽ അതിന്റെ കുഞ്ഞുങ്ങൾക്കുള്ളതാണ്. മനുഷ്യനായാലും മൃഗമായാലും. ഇന്നു കേരളത്തിൽ വിറ്റഴിക്കുന്ന പാലിന്റെ 70% വ്യാജമാണ്. അരലിറ്റർ പാലുകൊണ്ട് മാരകരോഗം വരുത്തുന്ന 20 ലിറ്റർ പാലുണ്ടാക്കാം. അരലിറ്റർ പാലോടുകൂടി 200 ഷാമ്പൂ, 1 പാൽപ്പൊടി, 15 ലിറ്റർ വെള്ളം, പഞ്ചസാരയും, യൂറിയായും, പൊടിയും പിന്നെ കേടുകൂടാതിരിക്കാൻ കാസ്റ്റിക്ക് സോഡായും. മനുഷ്യൻ മനുഷ്യന് പണം കൊടുത്ത് മാരകരോഗങ്ങൾ കൈമാറുന്നു.

4) My Die (മൈദ): മറ്റൊരു വില്ലനാണ് മൈദ. അമേരിക്കൻമാവ് രുചി ചേർത്തപ്പോൾ നമുക്ക് അമൃതായി. ഇന്നു മലയാളി മൈദയുടെ അടിമയാണ്. പൊറൊട്ടാ ഒഴിച്ചുകൂടാത്ത ഭക്ഷണമായി. മൈദയുടെ ഉൽപന്നങ്ങൾ ബേക്കറികളിൽ ഇരുന്ന് നമ്മെ മരണത്തിലേക്ക് മാടിവിളിക്കുന്നു. ബേക്കറിക്കാരനു വേണ്ടി അടുത്ത മെഡിക്കൽഷോപ്പുകാരൻ പ്രാർത്ഥിക്കുന്നു. കാരണം ഇന്ന് ബേക്കറിയിൽ കയറുന്നവർ നാളെ മെഡിക്കൽഷോപ്പിലുമെത്തും. മൈദയും, ബേക്കറിയും നമ്മെ രോഗികളാക്കും. അടുത്തുള്ള മെഡിക്കൽഷോപ്പ് നമ്മെ മരണത്തിലേക്കുള്ള യാത്രയുടെ ദൂരം കുറയ്ക്കും.

5) White Rice (വെള്ളയരി): നിറപറപോലുള്ള പറകൾ ഇന്നു നാട്ടിൽ സുലഭമാണ്. ലാഭത്തിനു വേണ്ടി എന്തും ചെയ്യാൻ മടിക്കാത്തവർ. ചൈനക്കാരന്റെ വെള്ളയരി–പ്ലാസ്റ്റിക് റൈസ്– ഇതെല്ലാം നമ്മെ ഒരു പാഠം പഠിപ്പിക്കുന്നു. Return to Nature അവനവനാവശ്യമുള്ളത് സ്വന്തമായി അദ്ധ്വാനിച്ച് കഴിച്ചാൽ കുറേനാൾ കൂടി രോഗമില്ലാതെ കഴിയാം.

പാപത്തിന്റെ ശമ്പളം മരണം.
'White Sins' അത് എളുപ്പമാക്കും
ചിന്തിക്കുക. ജീവിക്കുക. മറ്റുള്ളവരെ ജീവിക്കാൻ അനുവദിക്കുക.

**അഭിവന്ദ്യ ഡോ. സഖറിയാ മാർ തേയോഫിലോസ് മെത്രാപ്പോലീത്ത**
(മലബാർ ഭദ്രാസനം)



## തിരിച്ചറിയാതെ പോകുന്ന ഉയിർത്തവൻെറ സാന്നിദ്ധ്യം

'ഇത് പറഞ്ഞിട്ട് അവൾ പിന്നോക്കം തിരിഞ്ഞു, യേശു നിൽക്കുന്നത് കണ്ടു; യേശു എന്ന് അറിഞ്ഞില്ലതാനും' (യോഹ. 20:14). മറിയം ഏറെ ഖിന്ന ആയിരുന്നു. രണ്ടു മൂന്നു വർഷം കൊണ്ട് ഉണ്ടാക്കിയെടുത്ത ബന്ധം, ഗുരുവും ശിഷ്യയും എന്നതിനപ്പുറത്ത് തൻെറ ജീവിതത്തിന് അർത്ഥവും സാംഗത്യവും നൽകിയ വ്യക്തി, രക്ഷകൻ നാഥൻ, ദൈവം എന്നൊക്കെ കരുതിയവൻ കൊല്ലപ്പെട്ടു. ഈ കല്ലറയിൽ നിശ്ശബ്ദനായി, മരിച്ചവനായി, മറ്റുള്ളവരെ ഉയിർപ്പിച്ചവൻ ഉയിർപ്പിക്കാൻ ആരുമില്ലാതെ നിശ്ശബ്ദനായി കിടക്കുന്നു. ഇപ്പോൾ ദാ അവൻെറ ശരീരം പോലും കാണാതായിരിക്കുന്നു; ആരോ മോഷ്ടിച്ചിട്ടുണ്ടാകും. കൊല്ലുക മാത്രമല്ല ശരീരം പോലും അവശേഷിപ്പിക്കാതെ നശിപ്പിച്ചിരിക്കുന്നു. അതെങ്കിലും കിട്ടിയിരുന്നെങ്കിൽ അത്രയും ആശ്വാസമാകുമായിരുന്നു. ഇനി തങ്ങളെ പ്രശ്നസങ്കീർണ്ണങ്ങളായ ജീവിതസാഹചര്യങ്ങളിൽ സഹായിക്കാൻ ആരുണ്ടാകും? ഇതൊക്കെ ആയിരിക്കണം മറിയയുടെ മനസ്സിലൂടെ കടന്നുപോയ ചിന്തകൾ. ഈ മാനസികസംഘർഷത്തിൽ ഇത്രയും കാലം ഗുരുവായി കരുതി പിൻപറ്റിയവനെ കണ്ടിട്ടും തിരിച്ചറിയാൻ കഴിയാതെ പോയി മറിയമിന്.

ഇത് തന്നെയാണ് പലപ്പോഴും നമുക്കും വന്നു ചേരുന്ന അവസ്ഥ. ജീവിതം ആർക്കും എളുപ്പമല്ല. മറ്റുള്ളവർ പുറത്തു നിന്നു നോക്കുമ്പോൾ ചിലരുടെ ജീവിതം വളരെ ലളിതവും, സുഖകരവും, സ്വച്ഛന്ദവും, അനർഗ്ഗളവും, സന്തുഷ്ടവും ഒക്കെ ആയി തോന്നാം. ഇതാണ് പ്രസിദ്ധഗായകൻ, ഗാനഗന്ധർവ്വൻ പത്മശ്രീ ഡോ. കെ.ജെ. യേശുദാസ് സമീപസീറ്റിലിരുന്ന് വിമാനത്തിൽ യാത്രചെയ്തപ്പോൾ എന്നോട് പറഞ്ഞത്. 'പിതാവെ എന്നെ കാണുന്നവർ എന്നെക്കുറിച്ച് കരുതുന്നത് ഞാൻ തികച്ചും ഭാഗ്യവാനായിട്ടാണ്. ഉവ്വ്, ഞാൻ പലകാര്യത്തിലും അനുഗ്രഹീതനാണ്. എന്നാൽ എനിക്കും മനോവേദനകളുണ്ട്'. എന്നാണദ്ദേഹം പറഞ്ഞത്. ഇവിടെ ജീവിതം ഇരുളടഞ്ഞതും ഭാവി ഗതിമുട്ടിയതും ആണെന്നു കരുതുന്നവർ ധാരാളമുണ്ട്. കൃഷി നഷ്ടമായവർ, വിളവു നശിച്ചവർ, തൊഴിൽ ലഭിക്കാതെ അലയുന്നവർ, ഉള്ള തൊഴിൽ നഷ്ടപ്പെട്ടവർ, പങ്കാളി മരണപ്പെട്ടവർ, കടം കയറിയവർ, സ്നേഹിതർ ശത്രുക്കളായവർ, ശത്രുക്കൾ പെരുകിയവർ ഇങ്ങനെ ജീവിതത്തിൽ എല്ലാ വഴികളും അടഞ്ഞുപോയി എന്നു കരുതുന്നവർ, അവസാനത്തെ കച്ചിത്തുരുമ്പും അപ്രത്യക്ഷമായി എന്നു കരുതുന്നവർ ഈ ലോകത്ത് ധാരാളമുണ്ട്. ഇവരൊക്കെ മറിയാമിൻെറ കൂട്ടാളികളായി തീരുവാൻ സാദ്ധ്യത ഉള്ളവരാണ്. റബ്ബറിൻെറ വിലത്തകർച്ച, എണ്ണയുടെ വിലയിടിവ്, ലോകരാജ്യങ്ങൾ നേരിടുന്ന മതതീവ്രവാദ പ്രവണത, ഇതൊക്കെ ഈ ചിന്താഗതിക്ക് ആക്കം കൂട്ടുന്ന വിഷയങ്ങളാണ്. ഇവിടെയാണ് പുനരുത്ഥാനത്തിൻെറ സന്ദേശം എത്തിച്ചേരേണ്ട ദിക്കുകൾ. ലോകമോ, മനുഷ്യൻെറ ലോകജീവിതമോ ഇതുകൊണ്ടൊന്നും അവസാനിക്കുന്നില്ല. തിരിഞ്ഞു നോക്കിയാലും കാണാത്ത ഉയിർപ്പിൻെറ, അതിജീവനത്തിൻെറ സന്ദേശത്തെ നമ്മിലെത്തിക്കുന്ന 'സ്ത്രീയേ നീ കരയുന്നത് എന്തിന്?' എന്ന ചോദ്യം സാദ്ധ്യതകളുടെ പുതുലോകത്തിലേക്ക് നമ്മെ ഉണർത്തേണ്ടതാണ്. എന്നിട്ടും തിരിച്ചറിയാത്ത മനുഷ്യനെ 'മറിയയെ...' എന്ന പേർ വിളിയിലൂടെ സംബോധന ചെയ്ത ഉയിർത്തവൻ നമുക്കും പേർ ചൊല്ലി വിളിച്ചുണർത്തുന്ന ഉയിർപ്പിൻെറ നാഥനാണ് എന്ന തിരിച്ചറിവാണ് ഈ പുനരുത്ഥാന പെരുന്നാൾ നൽകുന്നത്.

**അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്ത**
(തൃശ്ശൂർ ഭദ്രാസനം)



# "ഞാൻ പാപിയല്ലാ"



ആധുനീക കാലഘട്ടത്തിൻെറ ഏറ്റവും വലിയ ദുരന്തം പാപബോധം നഷ്ടപ്പെട്ടു എന്നുള്ളതാണ്. ഇത് ലൗകീക മനുഷ്യരിലും അവിശ്വാസികളിലും മാത്രമല്ല; സത്യവിശ്വാസികളിലും സംഭവിച്ചുകൊണ്ടിരിക്കുന്നു. ശ്രീ. പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ പ്രശസ്തമായ "പ്രവാചകൻ" എന്ന കഥയുടെ ചുരുക്കം ഇപ്രകാരമാണ്. 2000 വർഷങ്ങൾക്കു മുമ്പ് വ്യഭിചാരക്കുറ്റം ചുമത്തിയ ഒരു സ്ത്രീയേയും കൊണ്ട് ജനക്കൂട്ടം പ്രവാചകൻെറ മുൻപിൽ എത്തി ഇവളെ എന്തു ചെയ്യേണം എന്നു ചോദിച്ചു. "നിങ്ങളിൽ പാപമില്ലാത്തവൻ ഇവളെ കല്ലെറിയട്ടെ." ജനങ്ങളെല്ലാവരും കല്ലുകൾ താഴെ ഇട്ട് പശ്ചാത്താപത്തോടെ നിശബ്ദരായി പിരിഞ്ഞ് പോയി. പ്രവാചകൻ സ്ത്രീയോടു പറഞ്ഞു " സമധാനത്തോടെ പോവുക, മേലിൽ പാപം ചെയ്യരുത്."

നൂറ്റാണ്ടുകൾക്കു ശേഷം പ്രവാചകൻ വീണ്ടും ലോകത്തിലേക്ക് വന്നു. പണ്ടത്തേപ്പോലെ വീണ്ടും വ്യഭിചാരക്കുറ്റം ചുമത്തി ഒരു സ്ത്രീയെ പ്രവാചകൻെറ മുമ്പിൽ കൊണ്ടുവന്നു ചോദിച്ചു "ഇവളെ എന്ത് ചെയ്യേണം". പണ്ടു നടന്നത് ഓർത്ത് പ്രവാചകൻ പറഞ്ഞു "നിങ്ങളിൽ പാപമില്ലാത്തവൻ ഇവളെ കല്ലെറിയട്ടെ". പറഞ്ഞ് തീരേണ്ട താമസ്സം, ചീറിപാഞ്ഞ കല്ലുകളും രക്തത്തിൽ കുളിച്ചു കിടക്കുന്ന സ്ത്രീയുടെ ദീനരോദനവുമാണ് പ്രവാചകൻ കാണുന്നത്.

എന്താണ് ഇവിടെ സംഭവിച്ചത്? പണ്ട് പാപിയാണെന്നുള്ള ബോധം കല്ലുകൾ താഴെയിട്ട് പിരിഞ്ഞുപോകാൻ ജനങ്ങളെ പ്രേരിപ്പിച്ചു. എന്നാൽ ഇന്ന് ആ സ്ത്രീയേക്കാളും പാപികളായിരുന്നു അവർ എങ്കിലും പാപബോധം ഇല്ലാഞ്ഞതിനാൽ അവർ കല്ലെറിഞ്ഞു. ആത്മീയ ജീവിതത്തിൽ വളരാൻ ആഗ്രഹിക്കുന്ന ഓരോ വ്യക്തിയും നിരന്തരം ജാഗ്രത പുലർത്തേണ്ട ഒരു മേഖലയാണിത്. പാപത്തെക്കുറിച്ച് കേട്ട് കേട്ട് പാപബോധം നഷ്ടപ്പെടുക. യോഹന്നാൻ ശ്ലീഹ പറയുന്നു "നമുക്കു പാപം ഇല്ലാ എന്നു നാം പറയുന്നുവെങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി". "നാം പാപം ചെയ്തിട്ടില്ലാ എന്നു പറയുന്നുവെങ്കിൽ അവനെ അസത്യവാദിയാക്കുന്നു; അവൻെറ വചനം നമ്മിൽ ഇല്ലാതെയായി." (1 യോഹ. 1:8, 10)

മറ്റുള്ളവരെ വിധിക്കുവാനും അവരുടെ തെറ്റുകൾ കണ്ടെത്തുവാനും തിടുക്കം കാട്ടുന്നവരെല്ലാം തന്നെ സ്വന്ത ജീവിതത്തിലെ പാപത്തിൻെറ സാന്നിദ്ധ്യം തിരിച്ചറിയുവാൻ കഴിയാതെ പോയവരാണ്. പാപത്തെ ചെറുതും വലുതുമായി തിരിച്ച് ചെറിയ പാപത്തെ താലോലിക്കുക, കർത്താവിൻെറ ദീർഘക്ഷമയേയും നീതിയേയും വിസ്മരിച്ചുകൊണ്ട് അവൻെറ കാരുണ്യം എല്ലാം ക്ഷമിക്കും എന്ന ചിന്തയിൽ ജീവിക്കുക; ഇവയെല്ലാം ആത്മീയ ജീവിതത്തിൽ സംഭവിക്കുന്ന അപകടങ്ങളാണ്.

പരിശുദ്ധാത്മാവ് വരുമ്പോൾ പാപബോധം ലഭിക്കും (യോഹ. 16:8). നാം പരിശുദ്ധാത്മാവിൽ നിറയുന്തോറും നമ്മുടെ പാപാവസ്ഥ കൂടുതൽ കൂടുതൽ ബോധ്യപ്പെട്ടുകൊണ്ടിരിക്കും. യേശുവിൻെറ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7). പാപത്തിൽ നിന്നുള്ള ഉയിർപ്പും സ്വർഗ്ഗാരോഹണം എന്ന ലക്ഷ്യവും നമുക്കുണ്ടാകട്ടെ. പരിശുദ്ധാത്മ നിറവിനായുള്ള പെന്തികോസ്തിയ്ക്കായി നമുക്കു കാത്തിരിക്കാം. ഏവർക്കും ഈസ്റ്റർ ആശംസകൾ.

**ഫാ: വർഗ്ഗീസ് യോഹന്നാൻ വട്ടപ്പറമ്പിൽ**
വികാരി
E-mail: vattaparampilachen@gmail.com
Mob: 39445358

**ഫാ: എം.ബി.ജോർജ്**
സഹവികാരി
E-mail: frmbgs@gmail.com
Mob: 39584020





എൻെറ കൃപ നിനക്കു മതി, എൻെറ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു.
(2 കൊരി. 12:9)

കർത്താവിൽ പ്രിയരെ,

ദൈവം മനുഷ്യനോട് കാണിക്കുന്ന നിരുപാധികമായ പ്രീതിയണ് കൃപ. നന്മ പ്രവർത്തിച്ച് ജീവിക്കുവാനുള്ള മനുഷ്യൻെറ പ്രേരക ശക്തി ദൈവ കൃപയാണ്. സന്മാർഗ്ഗ ജീവിതം കൃപമേൽ കൃപയാലുള്ള നമ്മുടെ വളർച്ചയെ സൂചിപ്പിക്കുന്നു. ദൈവ കൃപയാണ് മനുഷ്യൻെറ രക്ഷയുടെ നിദാനം. ദൈവത്തിൻെറ രക്ഷണ്യ കൃപ സഭയുടെ കൂദാശകൾ വഴി ദൈവം സൗജന്യമായി നൽകുന്നു.

ഹാശാആഴ്ച്ച ശുശ്രൂഷകൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ച അഭി. ഡോ: സഖറിയാമാർ തേയോഫീലോസ് തിരുമേനിയോടുള്ള നന്ദിയും സ്നേഹവും ഇടവകയുടെ നാമത്തിൽ അറിയിക്കുന്നു. ഹാശാആഴ്ച്ച ക്രമീകരണങ്ങൾക്കായി തെരഞ്ഞെടുത്ത കമ്മിറ്റി അംഗങ്ങളോടും അവരവരുടെ ഉത്തരവാദിത്തം കൃത്യമായി നിർവ്വഹിച്ച എല്ലാവരോടുമുള്ള നന്ദിയും സ്നേഹവും ഇടവക മാനേജിംഗ് കമ്മിറ്റിയുടെ പേരിൽ അറിയിക്കുന്നു. നേർച്ചകാഴ്ച്ചകളോട് വന്ന് സംബന്ധിച്ച് ദൈവകൃപ പ്രാപിച്ച എല്ലാ ഇടവക ജനങ്ങളോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

ഹ്രസ്വ സന്ദർശനത്തിനായി എഴുന്നെള്ളിയ തൃശ്ശൂർ ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. യുഹാനോൻ മാർ മിലിത്തിയോസ് തിരുമേനിയോടുള്ള നന്ദിയും സ്നേഹവും ഇടവകയുടെ നാമത്തിൽ അറിയിക്കുന്നു.

നമുക്ക് വേണ്ടി കഷ്ടത അനുഭവിക്കുകയും മൂന്നാം നാൾ ഉയർത്തെഴുന്നേൽക്കുകയും ചെയ്ത യേശുക്രിസ്തുവിൽ വിശ്വസിച്ച് ദൈവകൃപകളെ തിരിച്ചറിഞ്ഞ് ജീവിക്കുവാൻ നമുക്ക് കഴിയട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് ഒരിക്കൽകൂടി എല്ലാവർക്കും ഉയർപ്പ് പെരുന്നാളിൻെറ ആശംസകൾ നേർന്നുകൊണ്ട്...

**ജോർജ് മാത്യു**
കത്തീഡ്രൽ ട്രസ്റ്റി

**രഞ്ജി മാത്യു**
കത്തീഡ്രൽ സെക്രട്ടറി.

# FAREWELL



**Mr. Prasad Kurien (Roll No. 1239)**
Isatown-Salmabad
Charuvilaveedu, Karickom, Kottarakkara



**Mr. Yohannan Varghese (Roll No. 766)**
Riffa-Sitra
Panayamcheril Thekethara, Thazhava, Kollam



**Mr. John .C (Roll No. 143)**
Church North
Vaniapurackal House, Peringara, Thiruvalla



**Mr. Thomas V. Kurian (Roll No. 1283)**
Adiliya-Um Al Hassam
Vettikkathara Puthenveedu, Vallamkulam

# CONGRATULATIONS



**Miss. Irene Mariam Jacob** secured First place in Mumbai Diocese of Malankara Orthodox Syrian Church in the Class 'X' exams of OSSAE (Outside Kerala Region) held in December 2015

# CHURCH HOUSING PROJECT-2014



Mr. Sunil Abraham (Roll No. 1837)



Mr. Joshua Mathai (Roll No. 1427)

## *Favours Received*



K. George Thomas
& Family



Vibin Varughese
Vincy Ann Varughese


## EDITORIAL BOARD



Chief Editor : Shibu C. George
Editor : Siju John
Graphics & Layout : Thomas Vaidyan



## Holy Qurbana Schedule

| | | |
|---|---|---|
| Friday | : | April 1, 8, 15, 22 & 29 Morning at 7.00 am |
| Saturday | : | April 9 & 23 Evening at 7.00 pm |
| Sunday | : | April 3 & 17 Evening at 7.00 pm |
| Wednesday | : | April 6, 13, 20 & 27 Evening at 7.00 pm |

## Sunday School Day Celebration

Sunday School Anniversary and prize distribution will be conducted on Friday 22nd April 2016 at Indian School Auditorium. The programme will begin at 4.00 pm. A variety of cultural programmes will be performed by the Sunday School Students and inviting all our Cathedral members to the programme.

## Martha Mariam Samajam

| | | |
|---|---|---|
| Meeting | : | Regular meetings on 7th & 21st at 6.00 pm |
| Charity | : | Charity tin Distribution on 15th April |

## Divya Bodhanam

| | | | |
|---|---|---|---|
| POCE | : | Every Thursday at 8.00 pm | – Vedasasthra Veedhiyil |
| DOCE | : | Every Monday at 8.00 pm | – Nervazhiyil |
| GOCE | : | Every Tuesday at 8.00 pm | – Mathangalude Sandesham |

## MGOCSM

Meetings : Regular meetings on every Friday 12.30 pm after Sunday school classes in Cathedral

## St. Paul's Suvishesha Sangam

SNEHADHARA-2016 : A helping hand for Cancer Patients . Kindly donate your contributions to the counter opened in the Theophilus Hall.

## St. Mary's Gavel Club

"Great is the power of spoken word, when it is spoken in truth, by one whose life supports what he says" Dr. Ralph C. Smedley, founder of Toastmasters. Gavel club members (Gaveliers) utilize Toastmasters international's proven, time -tested, hands on methods to improve his or her communication & leadership skills. All these skills are necessary for earning a living in today's competitive job market, but are also essential for maintaining healthy personal relationships & achieving academic goals in middle, high school & college level. St Mary's Gaveliers affiliated to Toastmasters International commenced in our Cathedral to enhance communication, public speaking & leadership skills of our children who are aged from 12 to 18 years. The new session will begin on April 8th Friday at 4 pm. An Inauguration & a demonstration meeting by our children will also be held. All parents & Children are cordially invited. For more information & membership registration contact Cathedral Secretary Mr. Renji Mathew on 33303051 or MC Coordinator Mr. Mathew Varghese on 36050420.

## OVBS - 2016

A meeting will be conducted on Tuesday 5th April 2016 at 7.45 pm to form a general committee for this year OVBS. Those who are intrested to be a part of the committee, please attend the meeting .

## Reception to H.G. Dr. Zachariah Mar Theophilus

A reception to honour His Grace will be conducted on Sunday, 10th April 2016 at 8.00 pm in Cathedral. A contributory dinner will be served there after. For more details contact Cathedral office or Managing Committee members.



**Basil Babu**
Moolaparambil(H)
Thattarambalam, Mavelikara
Roll No. : 2534
Mobile : 35583979
Home Parish : St. John's Valiyapally, Pathichira
Diocese : Mavelikara
Area : Gafool-Khamis



**Jose T. George**
Thirumangalathu Padinjattethil,
Vazhamuttom
Roll No. : 2535
Mobile : 36673807
Home Parish : Mar Bahanan Valiyapally, Vazhamuttom
Diocese : Thumpamon
Area : American Mission



**Joys Varghese**
Charuvila Padinjarethil,
Paranthal, Pathanamthitta
Roll No. : 2536
Mobile : 35980930
Home Parish : St. George Aramana Pally, Paranthal
Diocese : Adoor-Kadampanad
Area : Adilya-Um Al Hassam



**Shibu Kavullathil**
M14.1/553, Hudco,
Amdinagar, Bhilai
Roll No. : 2537
Mobile : 36529392
Home Parish : Mar Gregorios Cathedral, Bhilai
Diocese : Calcutta
Area : Gudaibiya



**Jibin Thomas**
Vadakketharayil,
Ezhamkulam, Parakode
Roll No. : 2538
Mobile : 39488315
Home Parish : St. Peter's & St. Paul's, Parakode
Diocese : Adoor-Kadampanad
Area : Church South



**Oommen Mathews**
Kandallore (H),
Mananthala, Trivandrum
Roll No. : 2539
Mobile : 39187966
Home Parish : St. Mary's Church, Nalanchira
Diocese : Thiruvananthapuram
Area : Hoora



**Siju Raju**
Siju Bhavan,
Puthoor, Kollam
Roll No. : 2540
Mobile : 39939468
Home Parish : St. George Church, Puthoor
Diocese : Kollam
Area : Hoora



**Jano George**
Vengazhiyil,
Puliyoor, Chengannur
Roll No. : 2541
Mobile : 36326032
Home Parish : St. Mary's Church, Perissery
Diocese : Chengannur
Area : Isatown-Salmabad



**Binu John**
Koikkal Vadakkethil,
Koodal, Pathanamthitta
Roll No. : 2542
Mobile : 39135055
Home Parish : St. Mary's Church, Koodal
Diocese : Adoor-Kadampanad
Area : Salmaniya



**Ritu M. Yohannan**
Mekandathil (H),
Salempuram, Pathanapuram
Roll No. : 2543
Mobile : 33077961
Home Parish : Mar Lazarus Valiyapally, Pathanapuram
Diocese : Adoor-Kadampanad
Area : Gafool-Khamis



**Boji John**
Pattarumadathil ,
Kunnamthanam, Thiruvalla
Roll No. : 2544
Mobile : 34042495
Home Parish : St. Mary's Sehion Church, Kunnamthanam
Diocese : Niranam
Area : Gafool-Khamis



**Aji Alexander**
Rajalayam ,
Puthoor, Kollam
Roll No. : 2545
Mobile : 33164091
Home Parish : St. George Orthodox, Puthoor
Diocese : Kollam
Area : Muharraq

| Date | Time | Area | Address / Venue |
|---|---|---|---|
| **01/04/2016**<br>Friday | **6.00pm** | **Church South** | **Mr. George Mathew**<br>Theophilus Hall<br>Mobile: 36001234 |
| **01/04/2016**<br>Friday | **6.00pm** | **Sh. Hamad-Lulu** | **Mrs. Rachel Mathew (Sally)**<br>Flat No. 11, Bldg. 1077, Road 321<br>Block 303, Mobile: 39776052 |
| **01/04/2016**<br>Friday | **7.30pm** | **Church North** | **Mr. P. George Johnson**<br>Theophilus Hall<br>Mobile: 38352691 |
| **01/04/2016**<br>Friday | **7.30pm** | **Manama** | **Mr. Shibu C. George**<br>Flat No. 407, Bldg. 1770,Road 231<br>Block 302,Mobile: 39689639 |
| **08/04/2016**<br>Friday | **5.00pm** | **American Mission** | **Mr. Jacob Thampi**<br>Flat No. 32, Bldg. 1807, Road 636<br>Block 306, Mobile: 36301856 |
| **08/04/2016**<br>Friday | **6.00pm** | **Hoora** | **Mr. George Eapen**<br>Flat No. 210, Bldg. C,Road 360<br>Block 318,Mobile: 36063227 |
| **08/04/2016**<br>Friday | **6.00pm** | **Gudaibiya** | **Mr. Gheevarghese .P**<br>Flat No. 1, Bldg. 867, Road 824<br>Block 308, Mobile: 39866229 |
| **08/04/2016**<br>Friday | **7.30pm** | **Muharraq** | **Mr. Minu Mathew**<br>Theophilus Hall<br>Mobile: 39738907 |
| **15/04/2016**<br>Friday | **6.00pm** | **Adiliya**<br>**Um Al Hassam** | **Mr. Justin Mathews**<br>Flat No. 64, Bldg. 2725, Road 2442<br>Juffair,Mobile: 35926374 |
| **15/04/2016**<br>Friday | **6.00pm** | **Salmaniya** | **Mr. Thomas Mathai**<br>Theophilus Hall<br>Mobile: 36262535 |
| **15/04/2016**<br>Friday | **7.30pm** | **Sugayya -Zinj** | **Mr. George Thomas .K**<br>Flat No. 11, Bldg. 1155, Road 3020<br>Block 330,Mobile: 39129550 |
| **15/04/2016**<br>Friday | **7.30pm** | **Gafool - Khamis** | **Mr. Thomas Mammen**<br>Flat No. 32, Bldg. 31, Road 31<br>Block 433,Mobile: 38383956 |
| **25/04/2016**<br>Monday | **7.30pm** | **Isatown-Salmabad** | **Mr. Binu Cherian**<br>Flat No. 11, Bldg. 58, Road 1101<br>Block 701, Tubli,Mobile: 39835392 |
| **28/04/2016**<br>Thursday | **8.00pm** | **Riffa - Sitra** | **Mr. Jojin George Mathew**<br>Villa No.5, VKL garden, Gate No.161<br>Block 733, Mobile: 38432102 |

# Favours Received



**Varughese M. Thomas**
**& Family**



**Renji Mathew & Reni Renji**
**Renu Rose, Richa Sara**

*The Beauty of Monastic Life*



**L.L. Geevarghese Mar Ivanios**
Metropolitan of Kottayam (1985 - 2013)

പരിശുദ്ധ ജീവിതത്തിന്റെ ഉടമയായ പിതാവേ..
ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമേ...

**Boban & Family**

*"Because someone we love is in Heaven, there's a little bit of HEAVEN in our home. Until that happy day we meet again, rest safe in HIS hands."*

# *In Ever Loving Memory of our Dearest Appachan*



## V.C. PAPPY

**(13-04-2015)**

**Elengikulangara Puthen Veedu**

**Pathichira, Mavelikara**

***Inserted by : Abey Kuruvila & Family***

*For Private Circulation among Cathedral Members only*